M 6239

Reg. No.: ...............................

Name : ...................................

# IV Semester B.A. Degree (CCSS – Reg./Supple./Improv.) Examination, May 2014
## CORE COURSE IN MALAYALAM
### 4B 07 MAL : പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങൾ
### (2011 and Earlier Admn.)

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം 1) : **(4×1=4 വെയിറ്റേജ്)**

1) എ) രീതിസിദ്ധാന്തത്തിന്റെ പ്രയോക്താവാര് ?

ബി) ആദ്യലഘുവായ ഗണത്തിന്റെ പേരെന്ത് ?

സി) ഭരതന്റെ അഭിപ്രായത്തിൽ രസസംഖ്യ എത്ര ?

ഡി) ലക്ഷണ എന്നാലെന്ത് ?

2) താഴെപ്പറയുന്ന തിണകൾക്ക് സമാനമായ ഭൂപ്രകൃതി ഏതെന്നെഴുതുക.

എ) മുല്ല

ബി) കുറിഞ്ചി

സി) പാല

ഡി) മരുതം

3) താഴെപ്പറയുന്ന ഗ്രന്ഥങ്ങളുടെ രചയിതാവ് ആരെന്നെഴുതുക.

എ) നാട്യശാസ്ത്രം ബി) കാവ്യപ്രകാശം

സി) വ്യക്തിവിവേകം ഡി) സാഹിത്യദർപ്പണം

4) താഴെപ്പറയുന്ന വൃത്തങ്ങൾക്ക് നിർവ്വചനമെഴുതുക.

എ) മന്ദാക്രാന്താ ബി) വസന്തതിലകം

സി) കാകളി ഡി) തരംഗിണി

5) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) കാരയിത്രി, ഭാവയിത്രി എന്നിങ്ങനെ പ്രതിഭയെ വേർതിരിച്ചതാര് ?

ബി) 'കവി' ശബ്ദത്തിന്റെ നിഷ്പത്തി ഏത് ധാതുവിൽ നിന്നാണ് ?

സി) 'രതി' എന്ന സ്ഥായീഭാവം ഏത് രസമായി പരിണമിക്കും ?

ഡി) 'വക്രോക്തി' സിദ്ധാന്തം അവതരിപ്പിച്ച ഭാരതീയ കാവ്യചിന്തകൻ ആര് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് – **1**). **(4×1=4 വെയിറ്റേജ്)**

6) 'അഭിധാ' വ്യാപാരത്തിന്റെ വകഭേദങ്ങൾ പരിചയപ്പെടുത്തുക.

7) കവിയെക്കുറിച്ചുള്ള ഭാരതീയ സങ്കല്പം ചുരുക്കിയെഴുതുക.

8) രീതിയെ കുന്തകൻ എങ്ങനെയെല്ലാം തിരിക്കുന്നു ?

9) 'രൂപക'ത്തിന് ലക്ഷ്യലക്ഷണ സമന്വയം ചെയ്യുക.

10) 'അനുഭാവം' എന്നാലെന്ത് ?

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **2**) . **(5×2=10 വെയിറ്റേജ്)**

11) ഉപമാഭേദങ്ങൾ വിവരിക്കുക.

12) 'സഹൃദയനെ' ക്കുറിച്ചുള്ള ഭാരതീയ ചിന്തകൾ ക്രോഡീകരിക്കുക.

13) മമ്മടന്റെ കാവ്യപ്രയോജനത്തെക്കുറിച്ചുള്ള സങ്കല്പം വിവരിക്കുക.

14) ശബ്ദവ്യാപാരങ്ങൾ വിശദീകരിക്കുക.

15) ഭാവത്തിന് വൃത്തവുമായുള്ള ബന്ധം ചർച്ച ചെയ്യുക.

16) 'രൂപകാതിശയോക്തി', 'സംബന്ധികാതിശയോക്തി' എന്നിവ വിശദീകരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക (വെയിറ്റേജ് **4**). **(3×4=12 വെയിറ്റേജ്)**

17) രസസൂത്രമെഴുതി രസം നിഷ്പന്നമാകുന്നതെങ്ങനെയെന്ന് വിവരിക്കുക.

18) ധ്വനി എന്തെന്ന് വിശദീകരിച്ച് അതിന്റെ വകഭേദങ്ങൾ എഴുതുക.

19) 'ഭാഷാഭൂഷണ'ത്തിലെ അർത്ഥാലങ്കാര വർഗ്ഗീകരണം വിശദമാക്കുക.

20) സംസ്കൃത വൃത്തങ്ങളും ഭാഷാവൃത്തങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

---